# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 681 02/12/2014-ൽ മറുപടിക്ക്

## കോതമംഗലം നിയോജകമണ്ഡലത്തിലെ കണ്ടൻപാറയിലെ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. റ്റി.യു. കുരുവിള : | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം നിയോജകമണ്ഡലത്തിലെ കണ്ടൻപാറയിൽ വലിയ കഷ്ടതയിൽ ജീവിക്കുന്ന ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിന് വരുന്ന കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 54 പട്ടികവർഗ്ഗ കുടുംബങ്ങളുടെ പുനരധിവാസത്തിന് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വനം വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിച്ചാലുടൻ ഭൂമി വിതരണം ചെയ്യുന്നതാണ്. |
| (ബി) | പ്രസ്തുത ആദിവാസി ജനവിഭാഗങ്ങൾക്ക് അടിസ്ഥാന സൗകര്യം ലഭ്യമാക്കുന്നതിൽ ഉൾപ്പെടെ ഇവരുടെ ക്ഷേമത്തിന് സമയബന്ധിതമായ കർമ്മപരിപാടികൾ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ബി) | വനം വകുപ്പ് ഭൂമി ലഭ്യമാക്കിക്കഴിഞ്ഞാലുടൻതന്നെ ആദിവാസി പുനരധിവാസ വികസന മിഷൻ മുഖാന്തിരം അടിസ്ഥാന സൗകര്യങ്ങളുൾപ്പെടെയുള്ള വിവിധ ക്ഷേമ പരിപാടികൾ പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും അനുവദിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ